പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1865 16.06.2014 ലെ

ചോദ്യത്തിന്റെ പൂർണ്ണ മറുപടി

## പോലീസ് ഓഫീസർമാർക്കെതിരെ വനിതകൾ സമർപ്പിച്ച പരാതി

| ചോദ്യം<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | മറുപടി<br>രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) പ്രിൻസിപ്പൽ എസ്.ഐ മാർക്കെതിരെ സംസ്ഥാന പോലീസ് ചീഫ് ഓഫീസിൽ വനിതകൾ സമർപ്പിച്ച പരാതിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ പ്രിൻസിപ്പൽ എസ്.ഐ മാർക്കെതിരെ 89 പരാതികൾ വനിതകൾ സമർപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം :12 തൃശ്ശൂർ :28<br>കൊല്ലം :17 പാലക്കാട് :3<br>പത്തനംതിട്ട :3 കോഴിക്കോട് :2<br>ആലപ്പുഴ :17 വയനാട് :1<br>എറണാകുളം :2 കണ്ണൂർ :4 |
| ബി) ഇതിൽ എത്ര കേസുകൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്; സ്വീകരിച്ച നടപടി വിശദമാക്കുമോ; | ബി).മേൽ പറഞ്ഞ പരാതികളിൽ ഒരെണ്ണത്തിന്മേൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ ഉന്നതതല അന്വേഷണം നടത്തി വരികയാണ്. ബാക്കിയുള്ള പരാതികളിൻമേൽ അന്വേഷണം നടത്തിയിട്ടുള്ളതും പരാതികളിലെ ആരോപ-ണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് വെളി-വായിട്ടുള്ളതുമാണ്. |

| | |
|---|---|
| സി) ഒന്നിൽ കൂടുതൽ തവണ ശിക്ഷിക്കപ്പെട്ട പ്രിൻസിപ്പൽ എസ്.ഐ മാർ എത്രപേർ കേരളത്തിലുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ? | സി) ഒന്നിൽ കൂടുതൽ തവണ ശിക്ഷണ നടപടികൾക്ക് വിധേയരായിട്ടുള്ള 30 സബ് ഇൻസ്പെക്ടർമാർ നിലവിൽ ഇപ്പോൾ പ്രിൻസിപ്പൽ എസ്.ഐ മാരായി പ്രവർത്തിയെടുത്തു വരുന്നു.<br>തിരുവനന്തപുരം :5<br>കൊല്ലം :2<br>എറണാകുളം :11<br>കോഴിക്കോട് :5<br>വയനാട് :7 |

സെക്ഷൻ ഓഫീസർ